അന്യാധീനപ്പെട്ട ആദിവാസിഭൂമി വിതരണം ചെയ്യുന്നത് സംബന്ധിച്ച നടപടി

20 (*281) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യാധീനപ്പെട്ട ആദിവാസിഭൂമി വിതരണം ചെയ്യുന്നത് സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) 1999-ലെ ആദിവാസി ഭൂനിയമത്തെ സംബന്ധിച്ച് ഏതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ) അന്യാധീനപ്പെട്ട ആദിവാസി ഭൂമി വിതരണം ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നടത്തിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഭൂമി വിതരണം സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുണ്ട്.

(സി) 1999-ലെ കേരള ആദിവാസി ഭൂനിയമത്തിലെ ചില വകുപ്പുകൾ റദ്ദാക്കിക്കൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ആ ഉത്തരവിനെതിരെ സംസ്ഥാനസർക്കാർ സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. സുപ്രീംകോടതിയിൽനിന്നുള്ള ഹൈക്കോടതി ഉത്തരവിനെതിരെ സ്റ്റേ ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണ്.

സ്വകാര്യ ബസ് റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവ്വീസ്

21 (*282) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയ്ക്ക് മുൻതൂക്കമുണ്ടായിരുന്നതും സ്വകാര്യമേഖല കൈയടക്കി വരുന്നതുമായ ബസ് റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നതിനെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly